പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 903

11/07/2016 ൽ മറുപടിയ്ക്ക്

## വിജയ് മല്ല്യയ്ക്ക് സ്ഥലം പതിച്ച് കൊടുത്ത നടപടി

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ദേശീയപാതയോട് ചേർന്നുള്ള സ്ഥലം വ്യവസായി വിജയ മല്ല്യയ്ക്ക് പതിച്ചുകൊടുത്ത കഴിഞ്ഞ സർക്കാരിന്റെ നടപടികൾ പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) എത്ര ഏക്കർ സ്ഥലമാണ് പതിച്ചുകൊടുത്തതെന്നും എത്ര രൂപ മതിപ്പുവില വരുന്നതാണെന്നും ഇതിനായി എത്ര തുകയാണ് മുൻ സർക്കാർ വസൂലാക്കിയതെന്നും വ്യക്തമാക്കാമോ;<br><br>(സി)പ്രസ്തുത ഇടപാട് മൂലം സർക്കാരിന് എത്ര കോടി രൂപ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (എ), (ബി) & (സി) പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തിന് നൽകുന്നതിനു വേണ്ടി അക്വയർ ചെയ്തിരുന്ന 586.10 ഏക്കർ ഭൂമിയിൽ നിന്നും ഒരു ഭാഗം ഭൂമി ചിറ്റൂർ ഷുഗേഴ്സ് ലിമിറ്റഡിന് കരിമ്പ് കൃഷിയ്ക്കുവേണ്ടി പാട്ടത്തിന് നൽകിയിരുന്നു. ടി ഭൂമിയിൽ നിന്ന് 20 ഏക്കർ തിരിച്ചെടുത്ത് 17/03/1971 ൽ പ്രീമിയർ ബ്രൂവറീസ് ലിമിറ്റഡിന് വ്യാവസായിക ആവശ്യത്തിന് കൈമാറിയിട്ടുണ്ട്. 02/04/2005 ലെ സ.ഉ.(കൈ) 87/05/റവന്യൂ പ്രകാരം ടി 20 ഏക്കർ സ്ഥലം സെന്റ് ഒന്നിന് 20,000/- രൂപ പ്രകാരം കമ്പോള വിലയും, ടി ഭൂമി കൈമാറിയ തീയതി 17/03/1971 മുതൽക്കുള്ള 6% പലിശയും ഈടാക്കിക്കൊണ്ട് പതിച്ചു നൽകാൻ ഉത്തരവാകുകയും അപ്രകാരം ആകെ 14,03,26,576 രൂപ വസൂലാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ഭൂമി പതിവ് - പാലക്കാട് ജില്ല - പാലക്കാട് താലൂക്ക് - പുതുശ്ശേരി വെസ് റ്റ് വില്ലേജ് - സർവെ നമ്പർ 92-ൻെറ പാർട്ടുകളിൽപ്പെട്ട പ്രീമിയർ ബ്രൂവറീസ് ലിമിറ്റഡിന്റെ കൈവശത്തിലിരിക്കുന്ന 20 ഏക്കർ സ്ഥലം യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡിന് (സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പേര്) പതിച്ചുനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (എൽ) വകുപ്പ്

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം. 87/2005/റവന്യൂ തീയതി, തിരുവനന്തപുരം, 02/04/2005.

---

പരാമർശം: 1) വ്യവസായ വകുപ്പിന്റെ 13/01/1971-ലെ 20419/ജി3/70/ഐ.ഡി. നമ്പർ സന്ദേശം

2) പാലക്കാട് ജില്ലാ കളക്ടറുടെ 22/4/1972 ലെ എൽ.ആർ3 14618/70 നമ്പർ നടപടിക്രമം

3) പാലക്കാട് ജില്ലാ കളക്ടറുടെ 20/7/2002, 7.1.2003, 29.4.2003, 7.10.2004 എന്നീ തീയതികളിലെ എൽ.ആർ.ജി2/ 80124/87 നമ്പർ കത്ത്

4) 17.3.2003-ൽ മെ:യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡിൻെറ ജനറൽ വർക്ക്സ് മാനേജർ സമർപ്പിച്ച നിവേദനം.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ഒരു കേന്ദ്ര സർക്കാർ സ്ഥാപനത്തിന് നൽകുന്നതിനു വേണ്ടി അക്വയർ ചെയ്തിരുന്ന 586.10 ഏക്കർ ഭൂമിയിൽ നിന്നും, കുറെ ഭൂമി ചിറ്റൂർ ഷുഗേഴ്സ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്നു. ആയതിൽ നിന്നും 20 ഏക്കർ ഭൂമി തിരിച്ചെടുത്ത്, വ്യാവസായികാവശ്യത്തിനായി പ്രീമിയർ ബ്രുവറീസ് ലിമിറ്റഡിന് പരാമർശം ഒന്നിലെ സന്ദേശപ്രകാരം കൈമാറിയിരുന്നു. സർക്കാർ നിശ്ചയിക്കുന്ന കമ്പോളവില അടയ്ക്കുവാൻ ടി സ്ഥാപനം ബാദ്ധ്യസ്ഥരാണെന്നും, പട്ടയം നൽകുന്ന തീയതിയോ കൈമാറുന്ന തീയതിയോ ഏതാണ് ആദ്യം വരുന്നത്, അന്ന് മുതലുള്ള പലിശ കൂടി നൽകേണ്ടതാണെന്നും, പ്രസ്തുത ഭൂമി ബ്രുവറീസ് ലിമിറ്റഡിന് ഏല്പിച്ചു കൊടുത്തുകൊണ്ടുള്ള പാലക്കാട് ജില്ലാ കളക്ടറുടെ പരാമർശം രണ്ടിലെ നടപടി ക്രമത്തിൽ നിഷ്കർഷിച്ചിരുന്നു. തുടർന്ന് 21.5.1985-ൽ പാലക്കാട് തഹസിൽദാർ ടി സ്ഥാപനത്തിന് താൽക്കാലിക പട്ടയവും നൽകിയിരുന്നു. പ്രസ്തുത ഭൂമി സെന്റൊന്നിന് 20,000 രൂപ കമ്പോളനിരക്കിൽ കൈവശക്കാരായ മെ. യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡിന് പതിച്ചുനൽകുന്നതിന് പരാമർശം മൂന്നിലെ കത്ത് പ്രകാരം പാലക്കട് ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സെക്ഷൻ ഓഫീസർ

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് താലൂക്കിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ സ.നം. 92-ൻെറ പാർട്ടുകളിൽപ്പെട്ടതും പാലക്കാട് ജില്ലാ കളക്ടറുടെ പരാമർശം രണ്ടിലെ നടപടിക്രമം പ്രകാരം പ്രീമിയർ ബ്രൂവറീസ് ലിമിറ്റഡിന് താൽക്കാലിക പട്ടയം നൽകിയതുമായ '20' ഏക്കർ സ്ഥലം സെൻെറാന്നിന് 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപ നിരക്കിൽ കമ്പോള വിലയും, ടി ഭൂമിക്ക് താൽക്കാലിക പട്ടയം നൽകിയ തിയതി മുതലോ അനൗപചാരികമായി ഭൂമി കൈമാറിയ തിയതി മുതലോ, ഏതാണ് ആദ്യം വരുന്നത്, അന്ന് മുതൽ 6% പലിശയും ഈടാക്കി ക്കൊണ്ട് മെ. യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡിന് (സ്ഥാപനത്തിൻെറ ഇപ്പോഴത്തെ പേര്) പതിച്ചു നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിലുള്ള അനന്തര നടപടികൾ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ആർ.ഹരിഹരമഹാദേവൻ
അഡീഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്.
ലാൻറ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
ജനറൽ വർക്ക്സ് മാനേജർ, മെ.യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡ്, കഞ്ചിക്കോട് വെസ്റ്റ് പി.ഒ, പാലക്കാട്. 678623.
വ്യവസായവും വാണിജ്യവും വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടൻറ ജനറൽ (എ ആൻറ് ഇ/ആഡിറ്റ് ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അ:ഔ:കു: നം.52836/എക്സ്പെ.എ2/2003/ധന തീയതി 24.7.2003)
നിയമവകുപ്പ് (അ:ഔ:കു. നം.13620/ജി3/03/നിയമം തീയതി 22.8.03)
വ്യവസായ വകുപ്പ്(അ:ഔ:കു.നം.26802/എഫ്1/02/വ്യവ തീയതി 10.1.2003
പൊതുഭരണ (എസ്സ്.സി) വകുപ്പ് (ഐറ്റം നം.489 തീയതി 30.3.05)
സ്റ്റോക്ക് ഫയൽ /ഒ.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ